# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഗവൺമെന്റ് എൽ പി സ്കൂൾ മേമ്മുറി

# അധ്യായം - 1

## ആമുഖം

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്ത് കല്ലറ പഞ്ചായത്തിനോടു തൊട്ടു ചേർന്നു കിടക്കുന്ന മേമ്മുറികരയിലെ കാരിക്കാമുകളേൽ കുന്നിൻപുറത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് മേമ്മുറി ഗവ എൽ.പി. സ്കൂൾ മാഞ്ഞൂർ വില്ലേജിലെ മേമ്മുറി കരയിലാണ് വില്ലേജ് ആഫീസ് രേഖപ്രകാരം സ്കൂളിന്റെ സ്ഥാനം. മാഞ്ഞൂർ പഞ്ചായത്തിലെ 15-ാം വാർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നതെങ്കിലും 16,17 വാർഡുകളിലെ കുട്ടികളും ഈ സ്കൂളിൽ അധ്യയനം നടത്തുന്നു. പ്രീ പ്രൈമറി മുതൽ 5-ാം ക്ലാസ്സുവരെ ഇവിടെ പ്രവർത്തിക്കുന്നു. പൂവ്വാശ്ശേരി, മാൻവെട്ടം,മേമ്മുറി, മേമ്മുറി വടക്കേക്കര എന്നീ പ്രദേശങ്ങളിലുള്ള കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കാനെത്തുന്നത്.

1916 ഓഗസ്റ്റ് 17-ാം തീയതി മുതൽ ഈ സ്കൂൾ ഔദ്യോഗികമായി പ്രവർത്തിച്ചു തുടങ്ങി എന്ന് സ്കൂൾ രേഖ വിളിച്ചറിയിക്കുന്നു. ഞാറക്കാട്ടിൽ കൈതളായിൽ പൈലിച്ചന്റെ വീടിന്റെ ചാർത്തിൽ തുടങ്ങിയ നിലത്തെഴുത്തു കളരി ഏതാനും വീട്ടുകാർക്കുവേണ്ടി മാത്രമുള്ളതായിരുന്നു. കൂടുതൽ ആളുകൾക്ക് അക്ഷരമറിയാൻ അവിടെ നല്ലൊരു കളരി പിന്നീടു രൂപം കൊണ്ടു. അവിടെ നിന്നാണ് മേമ്മുറിയിൽ വിദ്യാലയം സ്ഥാപിക്കാൻ മുതുകാട്ടുപറമ്പിൽ കുഞ്ഞൗസേപ്പ്, പുളിക്കൽ ആശാൻ തുടങ്ങിയവർ മുന്നിട്ടു നിന്നു പ്രവർത്തിച്ചുവെന്നു പഴമക്കാർ പറയുന്നു. ഈ സ്കൂൾ കല്ലറ, പെരുംതുരുത്ത്, കപിക്കാട്, ഇരവിമംഗലം എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്ക് ആദ്യാക്ഷരം കുറിയ്ക്കാൻ ഈ സ്ഥാപനമായിരുന്നു ഏക മാർഗ്ഗം. ഈ സ്കൂളിൽ ആദ്യം പ്രവേശനം നേടിയത് വി.കെ. മറിയം വടക്കേ വീട്ടിൽ എന്ന് സ്കൂൾ രേഖ പറയുന്നു. ഈ സ്കൂളിൽ ആദ്യ വിദ്യാർത്ഥികളായിരുന്ന മുതുകാട്ടുപറമ്പിൽ കുഞ്ഞൗസേപ്പ് തലോടിൽ പോൾ സാർ ചോഴിക്കര അയ്യപ്പൻ പിള്ള എന്നിവർ 1059 മുതൽ അധ്യാപകനായും 65 മുതൽ 77 വരെ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ച പുഞ്ചായിൽ ശ്രീ. പി.കെ. വേലായുധൻ സാറിന്റെ പേര് പ്രത്യേകം ശ്രദ്ധേയമാണ്. ആദ്യകാലത്ത് 80 അടി നീളത്തിലുള്ള ഓലമേഞ്ഞ കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളു. 500 ലധികം കുട്ടികൾ പഠിച്ചിരുന്നു. രാവിലെ 4.30 മുതൽ വൈകിട്ട് 5 മണിവരെ 3 ഷിഫ്റ്റുകളിലായി ക്ലാസ്സു മുറികളിലും മരത്തണലിലും വരാന്തകളിലുമായി കുട്ടികൾ പഠനം നടത്തിയിരുന്നു. തുടർന്ന് 5-ാം ക്ലാസ്സു കൂടി ആരംഭിച്ചു. 1992-ൽ സർക്കാർ ഉത്തരവു പ്രകാരം ഈ സ്കൂളിൽ ഒരു പ്രീപ്രൈമറി തുടങ്ങി. അതിപ്പോഴും പ്രവർത്തിച്ചു വരുന്നു.

സർക്കാരിന്റെ പല പദ്ധതികളിലൂടെയും സ്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ നിർമിക്കാൻ സാധിച്ചു. സ്കൂൾ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമാവുകയും സ്കൂൾ വികസനത്തിന് SSA വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുകയും ചെയ്തപ്പോൾ സ്കൂളിലെ ഭൗതീക സൗകര്യങ്ങൾ പെട്ടെന്നായി കുടിവെള്ളം, ചുറ്റുമതിൽ, CRC കെട്ടിടം, ടോയ്ലെറ്റുകൾ, കമ്പ്യൂട്ടർ മുറി, ക്ലാസ്സ് മുറികളുടെ സീലിംഗ്, ടൈൽസ് വിരിയ്ക്കൽ, ലൈബ്രറി നവീകരണം, ഇലക്ട്രിഫിക്കേഷൻ, പഠനോപകരണങ്ങൾ, സ്കൂൾ മോടിപിടിപ്പിയ്ക്കൽ അധ്യാപക പരിശീലനം എന്നിവ സ്കൂൾ വികസനത്തിന് സഹായകമായി. PTA, SMC, MPTA, SRG എന്നിവർ സ്കൂൾ വികസനകാര്യത്തിൽ നിരന്തരം ഇടപെടുന്നുണ്ട്.

ഭൗതികമായ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താൻ SSA വലിയൊരു തുകഅനുവദിച്ചതിനാൽ, സ്കൂൾ കെട്ടിടത്തിന്റെ ഓടുമാറ്റി ഷീറ്റിടാൻ സാധിച്ചു. ഹാളും ഒരു ക്ലാസ്സ് മുറിയും ഒഴികെ സീലിംഗ് ചെയ്യാൻ സാധിച്ചു. എല്ലാ കെട്ടിടങ്ങളും പെയ്ന്റുചെയ്തു. ബാലാമർക്ക് അനുവദിച്ചതിനാൽ ഭിത്തികളിൽ പടം വരയ്ക്കുന്നതിനും ക്ലാസ്സുകൾ ആകർഷമാക്കുന്നതിനും, ഗ്രീൻ ബോർഡ്, കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനും സാധിച്ചു. ഓട് മാറ്റി സീലിംഗ് അടിച്ചതൊടെ പ്രാവിന്റെയും, മുപ്ലിവണ്ടിന്റെയും ശല്യം വളരെ കുരയ്ക്കാൻ സാധിച്ചു. 2014-15 ൽ ശ്രീ മോൻസ് ജോസഫ് എം. എൽ. എ ഒരു കംപ്യൂട്ടർ അനുവദിച്ചു. പഞ്ചായത്തിൽ നിന്ന് ഒരു പ്രിന്ററും നൽകി. സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ഫണ്ടുകൾ, യൂണിഫോം ഗ്രാന്റ് ഇവ പൂർണ്ണമായി വിനിയോഗിച്ചു.

## സ്കൂളിന് വസ്തു എഴുതിക്കൊടുത്തവർ

മേമ്മുറി കരയിൽ പുളിക്കൽ വെളുത്തേടത്തു പുത്തൻ പുരയ്ക്കൽ നായർ കണ്ടന്റെ അനന്തരവൻ ഗോവിന്ദൻ, തലയാഴം പകുതിയിൽ കല്ലറ വടക്കേക്കരയിൽ തോട്ടത്തിൽ പത്മനാഭൻ നായരുടെ അനന്തിരവൻ പത്മനാഭൻ വടക്കേ മുതുക്കാട്ടുപറമ്പിൽ ഉതുപ്പുമകൻ ഔസേപ്പ് പോളച്ചിറയിൽ വർക്കി മകൻ ഔസേപ്പ് പുത്തൻ പുരയ്ക്കൽ പോത്തൻ മകൻ ഇട്ടി അവിര കപിക്കാട്ടുകരയിൽ കണ്ണാരത്തിൽ ചാണ്ടിമകൻ ഔസേപ്പ്

## ആധാര വിവരങ്ങൾ

സർവ്വേ നമ്പർ 74/9

വിസ്തീർണ്ണം - 0 ഏക്കർ 50 സെന്റ്

കടുത്തുരുത്തി രജിസ്റ്റർ 1090 ഇടവം 30 ന് 120 പുസ്തകം 16-ാം വാല്യം 37, 38 വശങ്ങളിൽ 1558-ാം നമ്പരായി രജിസ്റ്റർ ചെയ്തു.

# ഗവൺമെന്റ് എൽ പി സ്കൂൾ മേമ്മുറി

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് :ഗവൺമെന്റ് എൽപി സ്കൂൾ മേമ്മുറി

പ്രഥമ അധ്യാപകൻ: ഷിനോയ് തോമസ്

സ്കൂൾ കോഡ് :45346

വിദ്യാഭ്യാസ ഉപജില്ല: കുറവിലങ്ങാട്

വിദ്യാഭ്യാസ ജില്ല :കോട്ടയം

ഗ്രാമപഞ്ചായത്ത് :മാഞ്ഞൂർ

വാർഡ് : 15

Email :govtlpsmemury@gmail.com

ഫോൺ :9447148651

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

**ഭൗതിക സാഹചര്യം**

- ക്ലാസ് മുറികൾ
- ടോയ്‌ലറ്റ്
- പാർക്ക്
- വൈദ്യുതികരണം
- ചുറ്റമതിൽ
- ഓഡിറ്റോറിയം
- ലൈബ്രറി പുസ്തകങ്ങൾ
- ഐസിടി സൗകര്യം

**അക്കാദമികം**

- SRG
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- പഠനോപകരണം
- ലാബ് പ്രവർത്തനം
- ലൈബ്രറി പ്രവർത്തനം
- ദിനാചരണം
- നിരന്തര വിലയിരുത്തൽ
- കലാകായിക പ്രവർത്തി പരിചയം
- പഠന പരിപോഷണ പരിപാടി
- സ്കോളർഷിപ്പ് പരീക്ഷകൾ
- പ്രസിദ്ധീകരണങ്ങൾ
- IT അധിഷ്ഠിത പഠനം
- അസംബ്ലി
- ഫീൽഡ് ട്രിപ്പ്
- സെമിനാർ

- ശില്പശാല
- ക്ലാസ് പത്രങ്ങൾ
- സ്കൂൾ മേളകൾ

സാമൂഹിക പങ്കാളിത്തം

- SMC,PTA ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥികൾ
- ഗൃഹ സന്ദർശനം
- സുരക്ഷാ സമിതി
- ബോധവൽക്കരണ ക്ലാസുകൾ'
- പ്രഭാത ഭക്ഷണം
- ദിനാചരണങ്ങൾ

## പ്രവർത്തന പദ്ധതികൾ

- പുസ്തകം എന്റെ ചങ്ങാതി
- ക്ലാസ് വായനാമൂല
- ക്ലാസ് തല മാഗസിൻ
- രചനോത്സവം
- സർഗ്ഗവേള
- അസംബ്ലി
- ഇംഗ്ലീഷ് അസംബ്ലി
- ഹലോ ഇംഗ്ലീഷ്
- ഗണിതം മധുരം
- ലഹരിക്കെതിരെ കൈകോർക്കാം
- നാട്ടറിവ്
- കമ്പ്യൂട്ടർ പരിശീലനം
- പ്രവർത്തിപരിചയ ശില്പശാല
- സൂമ്പ പരിശീലനം
- കായിക പരിശീലനം

# നിർവ്വഹണ ചുമതല

ഷിനോയ് തോമസ് [HM]

രാജ്ജു വി എം

ജിഷ വി എസ്

വൈശാഖ് ടി എൻ

ആര്യ സി എസ്

PTA,SMC